## 1118

വീണ്ടും ജനിക്കേണം-സഖേ! വീണ്ടും ജനിക്കേണം
ദൈവരാജ്യം കാണ്മാൻ-വീണ്ടും

1 വീണ്ടും ജനിക്കേണമാത്മാവിനാലെ നീ
ഉണ്ടാകണം പുതുജന്മം നിനക്കിനി-

2 ഭക്തനായെന്നാലും പ്രാർത്ഥന ചെയ്താലും
നിത്യവും വേദങ്ങളെത്ര പഠിച്ചാലും-

3 പാപസ്വഭാവവും ജീവിതവും മാറി
ദേവനിൽനിന്നുള്ള ജീവൻ ലഭിക്കേണം-

4 മാനവരിൻ ബുദ്ധി ജ്ഞാനത്തിനാലല്ല
വാനവന്റെ കൃപാദാനത്തിനാലെ നീ-

5 ഒന്നാമാദാമിനാൽ വന്ന ശാപം നീങ്ങി
രണ്ടാമാദാമിനാലുണ്ടാകണം ജീവൻ- **M.E.C.**